പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5194 05.07.2012 -ലെ മറുപടി

അന്തർ സംസ്ഥാന സർവ്വീസുകൾ

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പുതിയ കരാർ അനുസരിച്ച് അന്തർ സംസ്ഥാന സർവ്വീസുകൾക്ക് എത്ര കിലോമീറ്റർ അനുവദിച്ചിട്ടുണ്ട്; | (എ) | നിലവിൽ അന്തർ സംസ്ഥാന കരാറുകൾ പ്രകാരം ആകെ തമിഴ് നാട്ടിൽ 33016.4 കിലോമീറ്റർ ദൂരവും കർണ്ണാടകയിൽ 42343.3 കിലോമീറ്റർ ദൂരവും കെ.എസ്.ആർ.ടി.സി. ക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കിലോമീറ്റർ ദൂരം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; | (ബി) | നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മുഴുവൻ കിലോമീറ്ററും തമിഴ്നാട്ടിൽ കെ.എസ്.ആർ.ടി.സി. ഓടിക്കുന്നുണ്ട്. എന്നാൽ കർണ്ണാടകയിൽ 40232.1 കിലോമീറ്റർ ദൂരം ഓപ്പറേറ്റ് ചെയ്യുന്നതിന് മാത്രമെ പെർമിറ്റ് എടുത്തിട്ടുള്ളൂ. |
| (സി) | ഇനിയും എത്ര കിലോമീറ്റർ ബാക്കി സർവ്വീസ് നടത്താനുണ്ട്; മൂന്നാറിൽ നിന്നും വിവിധ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (സി) | കർണ്ണാടകയിൽ 2111.2 കിലോ മീറ്റർ ദൂരം സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് ലഭ്യമാക്കേണ്ടതുണ്ട്. മൂന്നാറിൽ നിന്നും തിരുപ്പൂർ, തേനി എന്നിവിടങ്ങളിലേക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് എറണാകുളം മേഖലാ അധികാരി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തമിഴ്നാട് സർക്കാരുമായി പുതിയ അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലായതിനാൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. |
| (ഡി) | കരാർപ്രകാരം ബാക്കിയുള്ള കിലോമീറ്ററിൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ കരാർ പ്രകാരം ബാക്കിയുള്ള കിലോമീറ്ററിൽ കർണ്ണാടകയിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ